# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 2408

08/07/2015-ലെ
മറുപടിയ്ക്ക്

## പൂൾഡ് ഫണ്ടിൽ പൂർത്തിയാക്കുന്ന പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ശശി | | ശ്രീ. എ.പി. അനിൽകുമാർ<br>പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
| (എ) | 2014-15 സാമ്പത്തിക വർഷത്തിൽ മാർച്ച് 31 വരെ പൂൾഡ് ഫണ്ട് എത്ര ശതമാനം ചെലവഴിച്ചു; | (എ) | 2014-15 സാമ്പത്തിക വർഷം മാർച്ച് 31 വരെ പൂൾഡ് ഫണ്ടിനത്തിൽ 52.48% ചെലവഴിച്ചിട്ടുണ്ട് |
| (ബി) | പൂൾഡ് ഫണ്ടിൽ ഈ വർഷത്തിൽ പൂർത്തിയായ പദ്ധതികൾ ഏതെല്ലാം; | (ബി) & (സി) | നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം മറ്റ് സർക്കാർ വകുപ്പുകൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവ പൂൾഡ് ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനായി സമർപ്പിച്ച് സംസ്ഥാന ആസൂത്രണ ബോർഡ് അംഗീകരിച്ച പ്രോജക്ടുകൾക്ക് വകുപ്പുതല വർക്കിംഗ് ഗ്രൂപ്പാണ് അംഗീകാരം നൽകുന്നത്. ജില്ലാതലത്തിൽ പൂൾഡ് ഫണ്ട് പ്രോജക്ടുകൾക്ക് അംഗീകാരം നൽകുന്നില്ല. 2014-15 സാമ്പത്തിക വർഷത്തിൽ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.<br>1. ആടുവളർത്തൽ പദ്ധതി<br>2.സുബല ടൂറിസം പ്രോജക്ട്, പത്തനംതിട്ട<br>3.CAT.GATE കോച്ചിംഗ്, ഡി.റ്റി.ഇ. (ഡയറക്ടർ ഓഫ് ടെക്ക്നിക്കൽ എഡ്യൂക്കേഷൻ മുഖേന)<br>ഇവയിൽ ആടു വളർത്തൽ പദ്ധതി മലപ്പുറം ജില്ലയിലും സുബല ടൂറിസം പ്രോജക്ട് പത്തനംതിട്ട ജില്ലയിലും CAT. GATE കോച്ചിംഗ് എന്നിവ (ഡയറക്ടർ ഓഫ് ടെക്ക്നിക്കൽ എഡ്യൂക്കേഷൻ മുഖേന) സംസ്ഥാനത്തുടനീളവും നടപ്പിലാക്കി വരുന്നു. പദ്ധതികൾ പൂർത്തിയാക്കിയിട്ടില്ല. പൂൾഡ് ഫണ്ടിൽ ഉൾപ്പെടുത്തി ജില്ലാതല പദ്ധതികൾ അനുവദിച്ചിട്ടില്ല. |
| (സി) | പൂൾഡ് ഫണ്ടിൽ പൂർത്തിയാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്നും ഇനിയും അനുവദിച്ചിട്ടില്ലാത്ത പദ്ധതികൾ ഏതെല്ലാമെന്നും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ? | | |

Sabin. K.J
സെക്ഷൻ ഓഫീസർ